**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3220** **04-08-2021 - ൽ മറുപടിയ്ക്ക്**

**ജീവിതശൈലീ രോഗങ്ങളെ പ്രതിരോധിക്കുവാൻ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ.കെ.ടി.ജലീൽ,<br>ശ്രീ എം മുകേഷ് ,<br>ശ്രീ. കെ. പ്രേംകുമാർ,<br>ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ജീവിതശൈലീ രോഗങ്ങളെ പ്രതിരോധിക്കുന്നതിന് ഈ സർക്കാർ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന ജീവിതശൈലീരോഗങ്ങളെ പ്രതിരോധിക്കുന്നതിന് 'അമൃതം ആരോഗ്യം' പദ്ധതിയിലൂടെ വിവിധ പരിപാടികൾ ജീവിതശൈലീരോഗ നിയന്ത്രണത്തിനായി നടപ്പിലാക്കി വരുന്നു. ജീവിതശൈലിരോഗം കണ്ടെത്തുന്നതിനായി മുപ്പത് വയസ്സിന് മുകളിൽ പ്രായമുള്ള എല്ലാവരെയും സ്ക്രീനിംഗിന് വിധേയമാക്കുക, രോഗം കണ്ടെത്തുന്നവർക്ക് പ്രോട്ടോക്കോൾ പ്രകാരമുള്ള ചികിത്സയും മരുന്നും ലഭ്യമാക്കുക എന്നിവയാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. എല്ലാ ജില്ലാതാലൂക്കാശുപത്രികളിലും 227 സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും, 848 പ്രാഥമികാരോഗ്യകേന്ദ്രങ്ങളിലും, 5400 ഓളം കുടുംബക്ഷേമ ഉപകേന്ദ്രങ്ങളിലും എൻ.സി.ഡി.ക്ലിനിക്കുകൾ പ്രവർത്തിച്ചുവരുന്നു. ആർദ്രം മിഷനിലൂടെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി മാറ്റിയപ്പോൾ ആഴ്ചയിൽ 6 ദിവസവും എൻ.സി.ഡി.ക്ലിനിക്കുകളുടെ സമയം ദീർഘിപ്പിക്കുകയും ശ്വാസകോശ രോഗങ്ങൾ കണ്ടെത്തുന്നതിനുള്ള 'ശ്വാസ്' പദ്ധതിയും, നേത്രപടല അന്ധത കണ്ടെത്തുന്നതിനുള്ള “നയനാമൃതം' പദ്ധതിയും, വിഷാദരോഗം കണ്ടെത്തുന്നതിനുള്ള 'ആശ്വാസ്' പദ്ധതിയും ആരംഭിക്കുകയുണ്ടായി. രക്താതിമർദത്തിന്റെയും പ്രമേഹനിയന്ത്രണത്തിന്റെയും നിരക്ക് കൂട്ടുന്നതിനായി ലോകാരോഗ്യ സംഘടനയുടെയും ICMR ന്റെയും സഹായത്തോട്ടുകൂടി India Hypertension Control Initiative (IHCI) പദ്ധതി ആരംഭിക്കുകയുണ്ടായി. ജില്ലാ ആശുപത്രികളിൽ കൊറോണറി ഐസിയുവും, കാത്ത് ലാബും പക്ഷാഘാത ക്ലിനിക്കുകളും ആരംഭിക്കുകയുണ്ടായി. ജീവിതശൈലീ |

| | | | |
|---|---|---|---|
| | | | രോഗങ്ങളിലേക്ക് നയിക്കുന്ന ഹേതുക്കൾ (risk factors) നിയന്ത്രിക്കുന്നതിനും ജനങ്ങളിൽ ഭക്ഷണത്തെക്കുറിച്ചും വ്യായാമത്തെ കുറിച്ചും ലഹരിയെ കുറിച്ചുമുള്ള ആരോഗ്യബോധവത്കരണം നടത്തുകയും വ്യായാമം പ്രോത്സാഹിപ്പിക്കുന്നതിനായി എൻ.എസ്.എസ്. യൂണിറ്റുകളുടെ സഹായത്തോടെ വിദ്യാർത്ഥികൾക്ക് കായിക പരിശീലനത്തിനുള്ള സൗകര്യവും ലഹരി വർജ്ജനത്തിനുള്ള ക്യാമ്പെയിനുകളും ആരംഭിച്ചു. കൂടാതെ ജില്ലാകേന്ദ്രങ്ങളിലും പഞ്ചായത്തുകളിലും ഓപ്പൺ ജിമ്മുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഹീമോഡയാലിസ് കൂടിവരുന്ന സാഹചര്യത്തിൽ ജനങ്ങളുടെ അസൗകര്യം കുറയ്ക്കുന്നതിനായി പെരിടോണിയൽ ഡയാലിസ് പദ്ധതി സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ആരംഭിച്ചിട്ടുണ്ട്. |
| (ബി) | എല്ലാ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും കുടുംബക്ഷേമ ഉപകേന്ദ്രങ്ങളിലും ജില്ലാ ജനറൽ ആശുപത്രികളിലും ജീവിതശൈലീ രോഗ നിർണ്ണയ ക്ലിനിക്കുകൾ പ്രവർത്തിക്കുന്നുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | ഈ രോഗങ്ങളിലേയ്ക്ക് നിയക്കുന്ന കാരണങ്ങളെക്കുറിച്ചും അതിന്റെ വ്യാപ്തി സംബന്ധിച്ചും പൊതുജനങ്ങൾക്ക് അവബോധം നൽകുന്നതിനായി കിരൺ എന്ന പേരിൽ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | (സി) | ഉണ്ട്. ജീവിതശൈലി രോഗങ്ങളെ കുറിച്ചും അതിലേക്ക് നയിക്കുന്ന കാരണങ്ങളെ കുറിച്ചും പഠിക്കുന്നതിനായി ആരംഭിച്ച കിരൺ (Kiran) എന്ന പദ്ധതിയിലൂടെ കേരളത്തിലെ ജനവിഭാഗത്തിന്റെ ഒരു പരിച്ഛേദമായ നഗരപ്രദേശത്തെയും, ഗ്രാമ പ്രദേശത്തെയും, ആദിവാസി മേഖലയേയും, തീരപ്രദേശത്തെയും ഉൾപ്പെടുത്തികൊണ്ട് പത്തുലക്ഷം പേരിൽ അച്യുതമേനോൻ സെന്റർ ഫോർ ഹെൽത്ത് സയൻസ് ആന്റ് സ്റ്റഡീസ് പഠനം നടത്തുകയും ഈ പഠനത്തിൽ ആരോഗ്യവകുപ്പിലെ ഫീൽഡ് വിഭാഗം ജീവനക്കാർ ടാബ് ലെറ്റ് കംപ്യൂട്ടറിലൂടെ ഡേറ്റാ ശേഖരിക്കുകയും ഇ-ഹെൽത്ത് വഴി സ്റ്റേറ്റ് ഡേറ്റാ സെന്ററിൽ വിവരങ്ങൾ സംഭരിക്കുകയും ചെയ്തിട്ടുണ്ട്. അച്യുതമേനോൻ സെന്റർ ഈ വിവരങ്ങൾ വിശകലനം ചെയ്യുകയും ഒരു റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ